# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2421 19.06.2013-ൽ മറുപടിക്ക്

## മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മൂർക്കനാട് കുടിവെള്ള പദ്ധതി യുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ? | (എ) മൂർക്കനാടിനും സമീപ വില്ലേജു കൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 5 ഫേസുകൾ ഉണ്ട്.<br>ഫേസ് I - മൂർക്കനാട് വില്ലേജ്<br>ഫേസ്II - കുറുവ വില്ലേജ്<br>ഫേസ്III- പുഴങ്ങാട്ടിരി, വടക്കങ്ങര വില്ലേജ്<br>ഫേസ് IV -കുട്ടിലങ്ങാടി വില്ലേജ്<br>ഫേസ് V -മങ്കട വില്ലേജ്<br><br>5 ഫേസുകൾക്കും പൊതുഘടക ങ്ങളായ കിണർ, പമ്പ് ഹൗസ് റോ വാട്ടർ പമ്പിംഗ് മെയിൻ, സംപ്, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. റോ-വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി 50% പൂർത്തീകരിച്ചു. 15 എം.എൽ.ഡി ജലശുദ്ധീകരണ ശാലയുടെ ബാക്കി പ്രവൃത്തിയുടെ ദർഘാസ് അംഗീകരിച്ച് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാൻസ് ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ (300 HP) വർക്ക് |

അവാർഡ് ചെയ്തു. ഫേസ് I-ന് വേണ്ടിയുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ (110 മി.മി.പി.വി.സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 5.81 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജി.എൽ.ടാങ്കിന്റേയും 200 മി.മീ ഡി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. 15 എച്ച്.പി ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കാൻ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

ഫേസ് II,III,IV,V നു വേണ്ടി യുള്ള 400 മി.മി.ഡി.ഐ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 5.1 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജി.എൽ ടാങ്ക് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. ഫേസ് II,III എന്നിവയ്ക്ക് വേണ്ടിയുള്ള 15.00 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തി പൂർത്തീ കരിച്ചു. ഫേസ് IV,V നു വേണ്ടി യുള്ള 3.99 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തി പൂർത്തീ കരിച്ചു.

ഫേസ് II,III ന് വേണ്ടിയുള്ള 300 മി.മി ഗ്രാവിറ്റി മെയിൻ പ്രവൃത്തി പൂർത്തീകരിച്ചു.

ഫേസ് IV, V ന് വേണ്ടിയുള്ള 300 മി.മി ഡി.ഐ.ഗ്രാവിറ്റി മെയിൻ പ്രവൃത്തി പുരോഗമിക്കുന്നു.

<u>വിതരണശൃംഖല</u>

ഫേസ് I- മൂർക്കനാട് സോൺ -I ന് 2010 എസ്.എൽ.എസ്. സി.യിൽ അനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. സോൺ-IIന് 2013 ലെ

| | | |
|---|---|---|
| | | എസ്.എൽ.എസ്.സിയിൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഫേസ് II പാർട്ട് I ന് എസ്.എൽ.എസ്.സി 2013 ൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പാർട്ട് -II വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br>ഫേസ് -III പ്രവൃത്തി അവാർഡ് ചെയ്തു.<br>ഫേസ് -IV - കുട്ടിലങ്ങാടി വിതരണശൃംഖലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.<br>ഫേസ് V എസ്.എൽ.എസ്.സി 2013-ൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മൂർക്കനാട് കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി) 2014 ഡിസംബറോടുകൂടി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ